# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

## ശാസ്താ എ യു പി സ്കൂൾ ചമ്രവട്ടം

# മോണിറ്ററിംങ്ങ് കമ്മിറ്റി

പ്രധാനധ്യാപകൻ

എസ്.ആർ.ജി കൺവീനർ

സ്റ്റാഫ് സെക്രട്ടറി

പി.ടി.എ. പ്രസിഡന്റ്

എസ്.എസ്.ജി ചെയർമാൻ

# മുഖമൊഴി

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ മേഖല ഇന്ന് പരിവർത്തനത്തിൻ്റെ പാതയിലാണ്.വിദ്യാഭ്യാസ ആശയങ്ങളെ കുറിച്ച് വൈവിധ്യ മുള്ള ചിന്താധാരകൾപുറത്തു വന്ന്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതുവിദ്യാലയത്തെ കുറിച്ചും അവിടെ നടക്കുന്ന പഠന പ്രവർത്തനങ്ങളെ പറ്റിയും സമൂഹത്തെ ബോദ്ധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവർക്കുണ്ട്.ഈ സാഹചര്യത്തിൽ ഒരോ വിദ്യാലയവും സ്കൂൾ പാഠ്യ പദ്ധതിയുടെ ലക്ഷ്യവും ഉള്ളടക്കവും രക്ഷിതാക്കളെ അറിയിക്കുന്നതിനും, വിദ്യാദ്യാസത്തിൽ ഫലപ്രദമായ ജനകീയ പ ങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമായി സ്കൂൾ പാഠ്യപദ്ധതിയുടെ ഉള്ളടക്കം ജനസമക്ഷം സമർപ്പിക്കേണ്ടിയിരിക്കുന്നു.ഈ വിദ്യാലയത്തിൻ്റെ ചരിത്രവും വിവിധ വിഷയങ്ങളുടെ പഠനപ്രവർത്തനങ്ങളുടെ രൂപരേഖയും ഇതിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

# സ്കൂളിന്റെ ചരിത്രം

ചമ്രവട്ടത്തിന്റെ സാംസ്കാരിക പെരുമയിൽ നിളയിൽ നിലനിൽക്കുന്ന അയ്യപ്പ ക്ഷേത്രവും നിളയോരത്ത് സ്ഥിതിചെയ്യുന്ന ശാസ്ത എ.യു.പി. എന്ന സരസ്വതി ക്ഷേത്രവും ഇടം നേടിയിട്ടുണ്ട്. ഈ വിദ്യാലയം നിലവി ൽ വന്നത് എന്നാണെന്ന് ക്രിത്യമായി അറി യില്ലങ്കിലും ഏകദേശം 1938ൽ ആണെന്ന് പറയപ്പെടുന്നു. ഈ പ്രദേശത്തെ ആദ്യത്തെ എലിമെൻററി വിദ്യാലയത്തെ കുറിച്ച് ചമ്രവട്ടത്തെ പഴയതലമുറ ഇപ്പോഴും ഓർക്കുന്നുണ്ട്. പരിമിതികളെ നിസ്സാരവൽക്കരിച്ച് ശാസ്ത എ.യു.പി. സ്കൂൾ ഇന്ന് വികസന പാത യിലൂടെ ഏറെ ദൂരം സഞ്ചരിച്ചു 7 ഡിവിഷനുകളിലായി 320 കുട്ടികളും പ്രധാനാധ്യാപികയുൾപ്പെടെ 10 അധ്യാപകരും ഇന്ന് ഇവിടെ സേവനമനുഷ്ടിക്കുന്നുണ്ട്. തിരൂർ സബ്ജില്ല യിലെ മികച്ച വിദ്യാലയങ്ങളുടെ പട്ടികയിൽ ശാസ്ത എ.യു.പി. സ്കൂൾ ഇന്നും മുൻ നിരയിൽതന്നെയാണ്.

# പഠന നേട്ടം

അധ്യാപകരുടെ കൃത്യമായ മുന്നൊരുക്കങ്ങളും ഗൃഹ പാഠങ്ങളും ക്ലാസ് പ്രവർത്തനം മികവുറ്റതാക്കുന്നു. തുടർച്ചയായുള്ള ക്ലസ്റ്റർ പരിശീലനങ്ങളും ശിൽപശാലകളും അധ്യാപകരെ ഊർജ്ജസ്വലരാക്കുകയും, ആത്മവിശ്വാസത്തോടെ ക്ലാസ് പ്രവർത്തനങ്ങളിൽ സജ്ജരാകാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു. കുട്ടികളുടെ എണ്ണം കൂടുതലു ണ്ടെങ്കിലും ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെയും മറ്റും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ കൈവരിക്കേണ്ട പഠന നേട്ടങ്ങൾ അവരിലേക്കെത്തിക്കാൻ അധ്യാപകർക്ക് കഴിഞ്ഞിട്ടുണ്ട്. പഠന പ്രക്രിയയുടെ പ്രധാനഘടകം നിരന്തര വിലയിരുത്തലാണ്. അധ്യാപകരുടെ വിലയിരുത്തൽ കൂടാതെ കുട്ടികളുടെ സ്വയം വിലയിരുത്തലുകളും പരസ്പര വിലയിരുത്തലുകളും ക്ലാസുകളിൽ നടക്കുന്നുണ്ട്. ഇങ്ങനെ നടക്കുന്ന അറിവിൻ്റെ നിർമ്മാണം, പതിപ്പുകൾ, മാഗസിനുകൾ, ചുമർപത്രികകൾ തുടങ്ങി വിവിധ ഉൽപ്പന്നങ്ങളായി രൂപപ്പെടുന്നു.

സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ *വൈവിധ്യമാർന്ന പ്രവർത്തനപഥത്തിൽ പ്രതിഭാധനരായ കുട്ടികളെ കണ്ടെത്താൻ കഴിയുന്നുണ്ട്. വിവിധ രചനാ മത്സരങ്ങളും ക്വിസ് മത്സരങ്ങളും വയനാ മത്സരവും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളും ഇതിനുള്ള വേദികൂടിയാണ്.അതുപോലെ തന്നെ അധ്യാപകൻ്റെ ശ്രദ്ധയും പരിഗണനയും കൂടുതൽ വേണ്ടത് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കാണ്. ഇവരെ പ്രശ്നക്കാരായി കാണാതെ കുട്ടിയല്ല കുട്ടിക്കാണ് പ്രശ്നം എന്ന തിരിച്ചറിവിലെത്തുകയും കുട്ടിയുടെ രക്ഷിതാ വുമായി യോജിച്ച് അവർക്കു വേണ്ട പ്രത്യേക പഠന പ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്യുന്നുണ്ട്.

ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്നതും വിദ്യാഭ്യാസത്തിൻ്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. മാനസിക ശാരീരിക ആരോഗ്യമുള്ള കുട്ടികളെ വളർത്തിയെടുക്കാൻ നമ്മുക്കു ഒരു പരിധി വരെ കഴിയുന്നുണ്ടെങ്കിലും അവർക്ക് വേണ്ടത്ര പരിശീലനം നൽകാൻ കായികാധ്യാപകൻ്റെയും കളിസ്ഥലത്തിൻ്റെയും അഭാവം ഒരു പോരായ്മ തന്നെയാണ്. സമ്പൂർണ്ണവിദ്യാഭ്യസം ലക്ഷ്യമിടുന്ന ഇന്നത്തെ വിദ്യാഭ്യാസ പദ്ധതിയിൽ ആരോഗ്യ കായിക വിദ്യാഭ്യാസ ത്തിനു പുറമെ സംഗീതം, ചിത്രരചന, പ്രവൃത്തി പരിചയം എന്നീ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. നിർഭാഗ്യവശാൽ ഈ വിഷയങ്ങൾ പഠിപ്പിക്കാൻ യോഗ്യതയുള്ള അധ്യാപകരെ നിയമിച്ചിട്ടില്ല. സമീപ ഭാവിയിൽ ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു എങ്കിലും അതാത് വിഷയം എടുക്കാൻ ചുമതലയുള്ള അധ്യാപകർ ഇവ

കുട്ടികളിലെത്തിക്കാൻ ശ്രമിക്കുന്നുണ്ട്. ശാസ്ത്ര പഠനത്തിനും ഭാഷാപഠനത്തിനും ഉതകുന്ന റഫറൻസ് കൃതികളുള്ള ലൈബ്രറിയും മറ്റ് ലാബുകളും ഇവിടെ ഉണ്ടെങ്കിലും ഇവയെല്ലാം ഇനിയും വളരെയേറെ മെച്ചപ്പെടേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണയ ജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഭൗതികവും അക്കാദമികവുമായി സ്കൂളുകളെ അന്തർദേശീയ തലത്തിലേക്ക് ഉയർത്തുക എന്നതാണ്. ഈ ലക്ഷ്യത്തിലേക്ക് നമ്മുടെ സ്കൂളിനെയും എത്തിക്കാൻ ജന പങ്കാളിത്തത്തോടെ ഒത്തൊരുമയോടെ നമുക്ക് ഒരുമിച്ച് മുന്നേറാം.

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

* എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

* സാമൂഹ്യ പങ്കാളിത്തത്തോടെ സ്കൂളിനെ അക്കാദമികവും ഭൗതികവുമായി അന്താ ഷ്ട്ര നിലവാരത്തിലേക്കുയർത്തും.

*സ്കൂളിനെ സമൂഹത്തിലേക്ക് ഇറക്കുകയും സമൂഹത്തെ സ്കൂളിലേക്ക് ആകർഷിക്കുകയും ചെയ്തു കൊണ്ട് സ്കൂളിനെ സാംസ്കാരിക വിജ്ഞന കേന്ദ്രമാക്കി ഉയർത്തും.

# അക്കാദമിക മാസ്റ്റർപ്ലാൻ

## മലയാളം

### ആമുഖം

ഭിന്ന നിലവാരക്കാരായ കുട്ടികളാണ് നമുക്ക് മുന്നിലുള്ളത്. ഓരോരുത്തരുടെയും കഴിവുകളും വിഭിന്നമാണ്. കുട്ടിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതും താല്പര്യം ജനിപ്പിക്കുന്നതുമായ വ്യത്യസ്ത പ്രവർത്തങ്ങളിലൂടെ എല്ലാവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് ഭാഷാപരിജ്ഞാനം ഉള്ളവരാക്കാനുമുള്ള പ്രവർത്തന ആസൂത്രണമാണ് നടക്കേണ്ടത്.

### ലക്ഷ്യം

- അക്ഷരജ്ഞാനം വളർത്തുക.
- സർഗാത്മക കഴിവുകൾ കണ്ടെത്തൽ.
- സർഗാത്മക ശേഷി വികസനം.
- വയനയോട് താത്പര്യം വളർത്തൽ.

### ഗുണഭോക്താക്കൾ

കുട്ടികൾ

### പ്രവർത്തനങ്ങൾ

1. പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. അതിനനുസരിച്ചുള്ള വയനാകാർഡുകളും ചിത്രകഥകളും നൽകി വായന മെച്ചപ്പെടുത്തുന്നു. തുടർന്ന് ചിത്രങ്ങളിലൂടെ പദങ്ങളും വാക്യങ്ങളും നിർമ്മിക്കാനുള്ള ശേഷി നേടുന്നു. മുഴുവൻ കുട്ടികളെയും സാക്ഷരരാക്കി മാറ്റാൻ ഈ പ്രവർത്തനത്തിലൂടെ സാധിക്കുന്നു.

**കാലം - ജൂൺ മുതൽ ഫെബ്രുവരി വരെ**

**2.സാഹിത്യസമാജം**

3 മാസത്തിൽ ഒരിക്കൽ സാഹിത്യസമാജം നടത്തുന്നതിലൂടെ കുട്ടികൾക്ക് അവരുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ലഭിക്കുന്നു.ഇതിലൂടെ സർഗത്മകതയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന കുട്ടികളെ കണ്ടെത്താൻ കഴിയുന്നു.

**3.ശില്പശാലകൾ**

പ്രത്യേക അധ്യാപകരുടെ നേതൃത്വത്തിൽ കഥ, കവിത, നാടൻപാട്ട്, ചിത്രരചന ശില്പശാലകൾ നടത്തുന്നു. കുട്ടികളിലെ സർഗാത്മക ശേഷി വികസനം ഇതിലൂടെ സാധ്യമാകുന്നു. (രചന, പ്രകടനം,...)

**കാലം - ടേമിൽ ഒന്ന്**

**4.**വായനയോട് താത്പര്യം ജനിപ്പിക്കുന്നതിന് വേണ്ടി അക്ഷരശുദ്ധി മത്സരം, വർഷത്തിൽ ഏറ്റവും കൂടുതൽ പുസ്തകം വായിച്ച കുട്ടിക്ക് സമ്മാനം നൽകൽ, വായിച്ച പുസ്തകങ്ങളുടെ വായനാനുഭവം കുറിപ്പായി രേഖപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ.

**കാലം - ജൂൺ മുതൽ മാർച്ച് വരെ**

**5. മാഗസിൻ**

ഭാഷാപരവും രചനാപരവുമായി കുട്ടികൾ നേടിയെടുത്ത കഴിവുകൾ പ്രയോജനപ്പെടുത്തി തയ്യാറാക്കുന്ന സർഗസൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കലും അതിന്റെ പ്രകാശനവും.

**കാലം - ഒക്ടോബർ മുതൽ ഫെബ്രുവരി വരെ**

# ACADEMIC MASTER PLAN

# ENGLISH

## SASTHA A U P S CHAMRAVATTOM

# Academic Master Plan

## INTRODUCTION:

The classroom must be organised in such a way as to make the learners participate in the learning activities. Learning process should aim at the all-round development of the learner. They might have some loss of basics skills. There may be learning gap and so many challenges among students regarding to ***LISTENING, SPEAKING, READING and WRITING SKILLS***. The followings are some activities to develop these skills and overcome the challenges.

## OBJECTIVES:

- **To include all students in English language learning process.**
- **To enrich and enhance the language proficiency of the learner.**
- **To support and motivate the low proficient learners by scaffolding.**
- **To make the learning process enjoyable by group level competitions and peer group learning.**

### Target students: All students.

Status Study (അവസ്ഥാ വിശകലനം ) and Pre Planning

**Pre-Test ( Grouping. Selecting LITTLE MENTORS based on best performance in pre-test. Group level competitions under the leadership of LITTLE MENTORS.)**

### CONTINUOUS EVALUATION & SCORING.

**All textual activities will be evaluated and scored ( as group level competition ) according to their performance.**

**Time Duration : June to February**

# PELE - Programme for English Language Enhancement

· English Language Club - UP

| No | Area | Activities | Duration | Finance | Remarks |
|---|---|---|---|---|---|
| 1 | Reading | Card Reading Competition.<br>( Simple Poems and Stories ) | July | | |
| 2 | Reading, Speaking, Writing | Preparing News Report About the programmes conducted in School | August | | |
| 3 | Speaking | Talk on a Topic / Debate | September | | |
| 4 | Speaking and Writing | Drama Theatre<br>( Preparing Scripts based on TB and performance – group level competition ) | October | | |
| 5 | Speaking, Reading and Writing | Documentary / Short Film / Reels based on textual lessons | December | | |
| 6 | LSRW | Talent Show ( English Fest )<br>Victory Celebration, Magazine Publishing and Prize Distribution | February | Rs: 2000 | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

ഖല – അക്കാദമികം

ഉപമേഖല: സംസ്കൃതം

| ക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

❖ **സംസ്കൃതം ലൈബ്രറി**

സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

❖ **സംസ്കൃതദിനാചരണം**

സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

❖ **സംസ്കൃത അസംബ്ലി**

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

❖ **സംസ്കൃതസംഭാഷണ ശിബിരം**

സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

❖ **പഠനയാത്രകൾ സംഘടിപ്പിക്കൽ**

സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

❖ **വിവിധ മത്സരങ്ങൾ**

കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

❖ **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

❖ **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# അറബിക്

| ക്രമ. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.<br>2. | അറബിക് ഹുറൂഫ് പരിചയപ്പെടുത്തൽ<br>അറബിക് ക്ലബ് | വായനാ കാർഡുകൾ ക്ലാസ് തലത്തിൽ നൽകൽ<br>V,VI,VII, ക്ലാസുകളിലെ ഇഷ്ടപ്പെട്ട കൂട്ടുകാരനെ തെര ഞ്ഞെടുക്കൽ. ഏഴാം തരത്തിൽ നിന്നും അറബി ഭാഷ പഠനത്തിൽ മികച്ച 10 വിദ്യാർഥികളെ തെര ഞ്ഞെടുക്കും<br>അറബിക് ക്ലബ് രൂപീകരണം | ജൂൺ ജൂലായ് | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |
| 3.<br>4. | മുഫ്റാദാത്ത് പരിചയപ്പെടുത്തൽ<br>അറബിക് ക്ലാസ് തല പത്രം | V,VI,VII ക്ലാസ് തലത്തിന്റെ പദങ്ങൾ ശേഖരണം | ഓഗസ്റ്റ് സെപ്റ്റംബർ | അറബിക അധ്യാപകൻ | അറബിക് ക്ലബ് |
| 5. | അറബിക് എഴുത്ത് മേഖല മെച്ചപ്പെ ടുത്തൽ | വിവിധ മുഹാദസകളിലെ ഫിഖ്റയുടെ ശേഖരണം<br>എഴുത്ത് മത്സരം | ജനുവരി ഫെബ്രുവരി | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |
| 6. | അറബിക് പത്രം | കിസ്സ. ഹിവാർ, മൻളൂമ, ബയാൻ വിവരണം, ശേഖരണം | ഡിസംബർ | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |
| 7. | അഭിനയം | വിവിധ മുഹാദസളിൽ നിന്നും അഭിനയത്തിന് വേണ്ട ജുംല ശേഖരണം | ജനുവരി ഫെബ്രുവരി | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |
| 8. | അറബിക് പത്രം | ചിത്രം, വിവരണം, ബയാൻ, മൻളൂമ, ഹിവാർ ശേഖരണം | മാർച്ച് | അറബിക് അധ്യാപകൻ | അറബിക് ക്ലബ് |

SASTHA A U P SCHOOL CHAMRAVATTOM

# ACADEMIC MASTERPLAN

# HINDI

# 2025-26

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ സ്കൂൾ തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുകൾ നൽകുന്നു. | ജൂൺ 4 | 6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ, ഹിന്ദി ക്ലബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവ |

| | | | | | |
|---|---|---|---|---|---|
| | | | | | യെക്കുറിച്ചു അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്തു വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |
| 3 | പരിസ്ഥിതി ദിനം<br><br>പോസ്റ്റർനിർമ്മാണം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | വ്യക്തി ശുചിത്വം, പരിസര ശുചിത്വം , ഹരിത ക്യാമ്പസ് ,സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയുടെ ആവശ്യകതയെക്കുറിച്ചു മനസ്സിലാക്കുന്നു |
| 4 | വായനാദിനം, അഞ്ചാം ക്ലാസ്സിലെ ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ 19 | 5,6,7 | ഹിന്ദി അധ്യാപകർ , | |

| | | | | | |
|---|---|---|---|---|---|
| | | | | ഹിന്ദി ക്ലബ് | |
| 5 | ലഹരിവിരുദ്ധ ദിനം ,ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6 ,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 6 | പ്രേംചന്ദ് ജയന്തി.<br><br>കവിയെ പറ്റി ക്ലാസ്സിൽ ലഘു വിവരണം നൽകുന്നു.<br>പ്രേംചന്ദിന്റെ പ്രൊഫൈൽ നിർമ്മിക്കുന്നു. | ജൂലൈ 31 | 5,6 ,7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ചു അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |

| | | | | | |
|---|---|---|---|---|---|
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക.<br>ബാഡ്ജ് നിർമ്മാണം<br>വായനാമത്സരം<br>കേട്ടഴുത്ത് | സെപ്റ്റംബർ14 | 5,6,7 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസിലാക്കുന്നു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6,7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ ,ഹിന്ദി ക്ലബ് | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |
| 9 | ശിശുദിനം | നവംബർ 14 | | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ചാച്ചാജിയെക്കുറിച്ചു അറിയാനും ദേശസ്നേഹം വർധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 10 | വിശ്വഹിന്ദി ദിനം, പോസ്റ്റർ നിർമാണം, | ജനുവരി 10 | 5,6,7 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ഹിന്ദി ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു |
| | | | | | |
| 11 | • കഥാവായന<br>• കഥാരചന<br>• അഭിനയപരിശീലനം<br>• പാഠഭാഗങ്ങളുടെ സ്കിറ്റ് അവതരണം | 1 വർഷം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ , ഹിന്ദി ക്ലബ് | ഭാഷാ ജ്ഞാനം വർധിപ്പിക്കാൻ സാധിക്കുന്നു |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) പഠിച്ച കാര്യങ്ങൾ മറ്റുള്ളവരുമായി പങ്ക് വെക്കാൻ പ്രോത്സാഹിപ്പിക്കുക. | പങ്ക്‌വെക്കൽ/അവതരണം.<br>- ഓരോ യൂണിറ്റ് കഴിയുമ്പോഴും കുട്ടികൾക്ക് അവർ പഠിച്ച പ്രധാന കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുക. (ചിത്രങ്ങൾ, മാപ്പുകൾ, ചാർട്ടുകൾ എന്നിവ ഉപയോഗിച്ച്) | ജൂലായ് - മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2) സമകാലിക സംഭവങ്ങളെ കുറിച്ച് ധാരണ നൽകുക. | പത്രവാർത്താ വിശകലനം.<br>- ദിവസേനയുള്ള പത്രവാർത്തകളിൽനിന്ന് സാമൂഹിക - സാമ്പത്തിക രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയങ്ങൾ കണ്ടെത്തി ചർച്ചചെയ്യുക. വാർത്തകളുടെ സത്യസന്ധത വിലയിരുത്താൻ പഠിപ്പിക്കുക. | ജൂലായ് - മാർച്ച്. | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3) ഭൂമിശാസ്ത്ര പരമായ അറിവ് വർദ്ധിപ്പിക്കുക. | മാപ്പ് നിർമ്മാണവും, മാപ്പ് വായനയും.<br>ക്ലാസ് മുറിയിൽ ലോകഭൂപടം, ഇന്ത്യയുടെ ഭൂപടം, കേരളത്തിന്റെ ഭൂപടം എന്നിവ ഉപയോഗിച്ച് സ്ഥലങ്ങൾ കണ്ടെത്താനും, അടയാളപ്പെടുത്താനും പഠിപ്പിക്കുക. പ്രാദേശിക മാപ്പുകൾ തയ്യാറാക്കുക. | സെപ്തംബർ - ഒക്ടോബർ | .. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 4) ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | വർഷത്തിൽ രണ്ട് തവണ | / |
| 5) പ്രാദേശിക ചരിത്രത്തെക്കുറിച്ചും, സാമൂഹിക മാറ്റങ്ങളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കുക. | **അഭിമുഖങ്ങൾ** മുതിർന്ന പൗരൻമാർ, പ്രാദേശിക നേതാക്കൾ, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ എന്നിവരുമായി അഭിമുഖം നടത്തി വിവരങ്ങൾ രേഖപ്പെടുത്തുക. | ജനുവരി. | |
| 6) ചരിത്രസ്മാരകങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്) പ്രാദേശിക വ്യവസായങ്ങൾ, കൃഷിയിടങ്ങൾ സന്ദർശിക്കുക. | **ഫീൽഡ് ട്രിപ്പുകൾ / പഠനയാത്രകൾ** സന്ദർശനത്തിന് മുമ്പുള്ള പഠനലക്ഷ്യങ്ങൾ വ്യക്തമാക്കുക. സന്ദർശനത്തിന് ശേഷം റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെടുക. | ജനുവരി. | |

( [illegible]

# അടിസ്ഥാന ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നിരീക്ഷണം, വിവരശേഖരണം എന്നിവയിലൂടെ കൂടുതൽ അറിവു നേടുന്നതിന് | ഫീൽഡ് ട്രിപ്പ് മണ്ണുത്തി /നഴ്സറി | സെപ്തംബർ മാസത്തിനുള്ളിൽ | ശാസ്ത്രാധ്യാപകർ | PTA |
| വ്യത്യസ്ത ആവാസങ്ങൾ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന്. | ഫീൽഡ് ട്രിപ്പ് വയൽ / കുളം etc | ജൂൺ/ജൂലൈ | ശാസ്ത്രാധ്യാപകർ | PTA |
| വിവിധ മാധ്യമങ്ങളിലൂടെ വിവരശേഖരണം നടത്തി അറിവ് വിപുലീകരിക്കുന്നത്. | ശാസ്ത്ര ക്വിസ് | എല്ലാ ടേമിലും | ശാസ്ത്രാധ്യാപകർ | PTA. |
| ശാസ്ത്ര രംഗത്തെ പുത്തൻ കണ്ടെത്തലുകൾ അറിയുന്നതിന് | ശാസ്ത്ര രംഗത്തെ പുത്തൻ കണ്ടെത്തലുകൾ അറിയുന്നതിന്. ക്ലാസ് അവതരണം മികച്ചത് അസംബ്ലിയിൽ. | എല്ലാ മാസവും | ശാസ്ത്ര ക്ലബ് | — |
| ആഹാര ശീലങ്ങളും ജീവിത ശൈലി രോഗങ്ങളും തമ്മിലുള്ള ബന്ധം മനസ്സിലാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് | അതിഥി ക്ലാസ് | രക്ഷിതാക്കൾ | അധ്യാപകർ PTA | PTA |

# ഗണിത സഹവാസ ക്യാമ്പ്

## ആമുഖം

ഗണിത തോട് കുട്ടിക്ക് താൽപര്യം വളർത്തുവാനും ഗണിത ആശയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുവാനും ഗണിത സഹവാസ ക്യാമ്പ് ഉപകരിക്കുന്നു.ക്ലാസ് റൂം പ്രവർത്തനങ്ങളുടെ യുടെ ഭാഗമായി ഉണ്ടാകുന്ന ന പ്രശ്നപരിഹരണം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുന്നു .ചുറ്റുപാടുകളിൽ നിന്ന് കിട്ടുന്ന വിവിധ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ഏർപ്പെടുന്നത്അവൾ കുട്ടികൾക്ക് വളരെ ഉത്സാഹം ആയിരിക്കും .

## ലക്ഷ്യങ്ങൾ

* കുട്ടികളിൽ ഗണിത താൽപര്യം വളർത്തുക

*ക്ലാസ് റൂം പ്രവർത്തനങ്ങളുടെ യുടെ പോരായ്മ പരിഹരിച്ച് ഗണിത കളികളിലുടെ ഗണിത ആശയങ്ങൾ എത്തിക്കുക.

*ഗണിത പ്രവർത്തനങ്ങൾ ഇതിൽ കുട്ടിയുടെ പങ്കാളിത്തം ഉറപ്പാക്കുക

*കുട്ടികളിൽ ഗണിത ശേഷി വളർത്തുക

* ഗണിത തോടുള്ള കുട്ടിയുടെ സമീപനത്തിൽ മാറ്റം വരുത്തുക..

*ആത്മവിശ്വാസം വളർത്തുക .

## ഗുണഭോക്താക്കൾ

കുട്ടികൾ രക്ഷിതാക്കൾ അധ്യാപകർ

## പ്രവർത്തനം

*എല്ലാ തരത്തിലുള്ള കുട്ടികളെയും യും ഉൾപ്പെടുത്തിക്കൊണ്ട് നമുക്കൊരു മോഡ്യൂൾ തയ്യാറാക്കുക .അതിനാവശ്യമായ വിവിധ പഠനങ്ങൾ സഹായങ്ങൾ നിങ്ങൾ എന്നിവ ഇവ ഉറപ്പാക്കുക.

*കമ്മറ്റി രുപീകരിക്കുക .

*മൊഡ്യൂൾ തയ്യാറാക്കുക .

*കുട്ടികളുടെ എണ്ണം കണ്ടെത്തുക .

*അനുയോജ്യമായ ക്ലാസ് മുറികൾ കണ്ടെത്തുക .

*ക്ലാസിലും പാഠത്തിന് അനുയോജ്യമായി മൊഡ്യൂൾ ക്രമീകരിക്കുക .

*സാധനസാമഗ്രികൾ കണ്ടെത്തുക .

*പണം കൊടുത്തു വാങ്ങേണ്ട വാ ശേഖരിക്കേണ്ടത് എന്നിങ്ങനെ തരം തിരിക്കുക .

സംഘാടനം

ഗണിത ക്ലബ്ബ് കൺവീനർ, പി ടി എ , എം ടി എ വാർഡ് മെമ്പർ എന്നിവ ഉൾപ്പെടുന്ന കമ്മിറ്റി

സാമ്പത്തിക വിശകലനം

| | | |
|---|---|---|
| ഭൗതിക സാഹചര്യം | പി ടി എ മേനേജർ | 2500 |
| നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ | പി ടി എ | 4000 |
| റിഫ്രഷ് മെൻറ് | പി ടി എ | 2500 |
| ആകെ | | 9000 |

പ്രവർത്തന കലണ്ടർ

| നമ്പർ | പ്രവർത്തനം | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റംബർ |
|---|---|---|---|---|
| 1 | സഹവാസ ക്യാമ്പിന് ആവശ്യമായ മൊഡ്യൂൾ തയ്യാറാക്കൽ | | | |
| 2 | സാധനസാമഗ്രികൾ ശേഖരിക്കൽ | | | |
| 3 | വിശദമായ ബഡ്ജറ്റ് തയ്യാറാക്കൽ | | | |
| 4 | പണം കൊടുത്തു വാങ്ങേണ്ട ശേഖരിക്കേണ്ടവ | | | |
| 5 | ക്ലാസിലും പാഠത്തിലും അനുയോജ്യമായ രീതിയിൽ മൊഡ്യൂൾ ക്രമീകരിക്കുക | | | |
| 6 | സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുക | | | |

മോണിറ്ററിങ്

പ്രധാനാധ്യാപകൻ എസ് ആർ ജി കൺവീനർ പി ടി എ

# മാസ്റ്റർ ഓഫ് ജിയോജിബ്ര

## ആമുഖം

ഗണിതപഠനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി അധ്യാപകരെയും കുട്ടികളെയും യും സജ്ജരാക്കുക എന്നതാണ് ജിയോജിബ്ര കൊണ്ട് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

- ഗണിത അധ്യാപകരെ ആരെ ജിയോജിബ്രയിൽ അധ്യാപനത്തിന് ഇന്ന് പ്രാപ്തരാക്കുന്നത് ആവശ്യമായ പരിശീലനം നൽകുക.
- ജിയോജിബ്ര യിലൂടെ അനുയോജ്യമായ പാഠഭാഗങ്ങൾ അനായാസകരമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ശേഷി നേടിക്കൊടുക്കുക.
- ഐടി മേഖലയിൽ ഇതിൽ കുട്ടികൾക്കാവശ്യമായ ആയ ശേഷി നേടിക്കൊടുക്കുക.
- ഗണിതം കുട്ടികളിൽ ആയാസകരമാക്കുക.

## ഗുണഭോക്താക്കൾ

അധ്യാപകർ, കുട്ടികൾ

## പ്രവർത്തനം

- സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി അധ്യാപകർക്ക് ജിയോജിബ്രയിൽ പരിശീലനം നൽകുക
- ഓരോ ക്ലാസിലേയ്ക്കും ആവശ്യമായ ജിയോജിബ്ര മായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ വ്യക്തമായ ആസൂത്രണം നടത്തുക
- പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കി വെക്കുക
- ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ രീതിയിലുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുക

## സംഘാടനം

അധ്യാപകർ ബിആർസി പിടിഎ

## സാമ്പത്തിക വിശകലനം

ഭൗതിക സാഹചര്യം മാനേജ്മെൻറ് പിടിഎ 50000
അധ്യാപക പരിശീലനം
2000
ആകെ
52000

ചുമതല

സ്റ്റാഫ് സെക്രട്ടറി പ്രധാനധ്യാപകൻ പിടിഎ പ്രസിഡണ്ട് പ്രസിഡണ്ട്

പ്രവർത്തന കലണ്ടർ

| പ്രവർത്തനം | ജൂലൈ | ഓഗസ്റ്റ് | സെപ്റ്റംബർ |
|---|---|---|---|
| • പാഠഭാഗങ്ങൾ കണ്ടെത്തുക | | | |
| • സാമ്പത്തിക കണ്ടെത്തുക | | | |
| • മൊഡ്യൂൾ തയ്യാറാക്കുക | | | |
| • വിദഗ്ധരെ കണ്ടെത്തുക. | | | |

മോണിറ്ററിംഗ്

- പ്രധാനധ്യാപകൻ,
എസ് ആർ ജി കൺവീനർ

# ഗണിത നിഘണ്ടു

## ആമുഖം

ഗണിതശാസ്ത്ര സംബന്ധിയായ പ്രത്യേകമായ വാക്കുകൾ എന്നും പഠനവേളകളിൽ കുട്ടികൾക്ക് പ്രശ്നം സൃഷ്ടിക്കുന്നതാണ്. കുട്ടികളുടെ ഈ പ്രശ്നം പരിഹരിക്കാനുള്ള ഒരു ഉദ്യമം ആണ് ഈ നിഘണ്ടു .

## ലക്ഷ്യങ്ങൾ

- ❖ കുട്ടികളിൽ ഗണിത താല്പര്യം വർദ്ധിപ്പിക്കുന്നു .
- ❖ ഗണിതത്തിലെ പ്രത്യേക പദ പ്രയോഗങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു .

## ഗുണഭോക്താക്കൾ

കുട്ടികൾ, അധ്യാപകർ

## പ്രവർത്തനങ്ങൾ

- ഗണിതത്തിലെ പ്രത്യേകമായി വരുന്ന പദങ്ങൾ കണ്ടെത്തുന്നു.
- പദങ്ങളുടെ അർത്ഥം കണ്ടെത്തുന്നു .
- അക്ഷരമാല ക്രമത്തിൽ ക്രമീകരിക്കുന്നു .

## സംഘാടനം

ഗണിത ക്ലബ്ബ് അംഗങ്ങൾ, ഗണിത അധ്യാപകർ

| നമ്പർ | പ്രവർത്തനം | ജൂൺ | ജൂലൈ |
|---|---|---|---|
| 1. | ഗണിത പദങ്ങൾ ശേഖരിക്കൽ | | |
| 2. | പദങ്ങളുടെ അർത്ഥം കണ്ടെത്തൽ | | |
| 3. | അക്ഷരമാല ക്രമത്തിൽ ക്രമീകരിക്കൽ | | |